# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4980 — 21/10/2011-ൽ മറുപടിക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹീം :
ഡോ. കെ.ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ജെയിംസ് മാത്യു :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; മുൻ സർക്കാർ ആവിഷ്കരിച്ച എന്തെല്ലാം സ്കീമുകൾ നടപ്പിലാക്കി വരുന്നു. | (എ) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. മുൻസർക്കാർ ആവിഷ്കരിച്ച തുൾപ്പെടെ ഇനി പറയുന്ന സ്കീമുകൾ ന്യൂനപക്ഷക്ഷേമ വകുപ്പു മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, വയനാടു ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്ലാൻ, തീരദേശ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം എന്നീ പദ്ധതികളും വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്നു. കൂടാതെ, പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടിയുടെ സംസ്ഥാന തലത്തിലുള്ള ഏകോപനവും തുടർ നടപടികളും, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളും ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്നു. |

| | |
|---|---|
| (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായി നിയമിക്കപ്പെട്ടയാളിന്റെ യോഗ്യത എന്താണ്? | (എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറായി നിയമിക്കപ്പെട്ടയാൾ ന്യൂനപക്ഷകാര്യ വിഷയത്തിൽ ഗവേഷകനും ന്യൂനപക്ഷ വിദ്യാഭ്യാസത്തിൽ കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് നേടിയിട്ടുള്ളയാളും യു.ജി.സി. യുടെ സീനിയർ അസിസ്റ്റന്റ് പ്രൊഫസറുമാണ്. കൂടാതെ, താഴെ പറയുന്ന അക്കാദമിക് യോഗ്യതകളും ഉണ്ട്.<br><br>1. എം.എ. (ഹിസ്റ്ററി)<br>2. എം.എ. (ഇസ്ലാമിക് ഹിസ്റ്ററി)<br>3. ബി.എഡ്.<br>4. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ്<br>5. യു.ജി.സി. നെറ്റ്. |

സെക്ഷൻ ഓഫീസർ.